STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.555/PR/SPMC/PHQ/2021 Date:11.12.2021

## ബി.റ്റി ശ്രീജിത്ത് മിസ്റ്റർ കേരള പോലീസ് 2021

മിസ്റ്റർ കേരള പോലീസ് 2021 ആയി കെ.എ.പി ഒന്നാം ബറ്റാലിയനിലെ സിവിൽ പോലീസ് ഓഫീസർ ബി.റ്റി ശ്രീജിത്ത് തിരഞ്ഞെടുക്കപ്പെട്ടു.

തിരുവനന്തപുരത്ത് ഗാന്ധിപാർക്കിൽ നടന്ന ശരീരസൗന്ദര്യമത്സരത്തിലാണ് വിജയിയെ കണ്ടെത്തിയത്. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് വിജയിയ്ക്ക് സർട്ടിഫിക്കറ്റും ട്രോഫിയും സമ്മാനിച്ചു. എ.ഡി.ജി.പി സഞ്ജീവ് കുമാർ പട്ജോഷി, സെൻട്രൽ സ്പോർട്സ് ഓഫീസറും എ.ഡി.ജി.പിയുമായ മനോജ് എബ്രഹാം, ഡി.ഐ.ജി പി.പ്രകാശ്, സിനിമാ താരം ടൊവിനോ തോമസ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

ശരീരസൗന്ദര്യമത്സരത്തിൽ വിജയിച്ച ഏഴംഗസംഘം ഇക്കൊല്ലത്തെ ദേശീയ പോലീസ് ബിൽഡിംഗ് ചാമ്പ്യൻഷിപ്പിൽ കേരള പോലീസിനെ പ്രതിനിധാനം ചെയ്യും.

ഫോട്ടോ ക്യാപ്ഷൻ

1. മിസ്റ്റർ കേരള പോലീസ് 2021 ആയി തിരഞ്ഞെടുക്കപ്പെട്ട കെ.എ.പി ഒന്നാം ബറ്റാലിയ നിലെ ബി.റ്റി ശ്രീജിത്ത്.

2. മിസ്റ്റർ കേരള പോലീസ് 2021 ആയി തിരഞ്ഞെടുക്കപ്പെട്ട ബി.റ്റി ശ്രീജിത്തിന് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ട്രോഫി സമ്മാനിക്കുന്നു.

3. കേരള പോലീസ് ശരീരസൗന്ദര്യ മത്സരങ്ങൾ മന്ത്രി വി.ശിവൻകുട്ടി നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.

4. കേരള പോലീസിന്റെ ശരീരസൗന്ദര്യമത്സരങ്ങളുടെ ആരംഭം കുറിച്ച് സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് പെരുമ്പറ മുഴക്കുന്നു.

************************